കുറ്റാന്വേഷണം ശാസ്ത്രീയമാക്കാൻ നടപടികൾ

18 (294) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഫോറൻസിക് ലാബ് ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(സി) സൈബർ ഫോറൻസിക് ആന്റ് ഡിജിറ്റൽ അനാലിസിസ് സെല്ലിന്റെ പ്രവർത്തനം കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് എത്രമാത്രം സഹായകരമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആധുനിക കുറ്റാന്വേഷണവുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) കേസന്വേഷണത്തിൽ മികവ് കാട്ടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

ഫോറൻസിക് സയൻസ് ലബോറട്ടറി :

കണ്ണൂരും തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി 24 തസ്തികകളും പുതുതായി അനുവദിച്ചിട്ടുണ്ട്. ആധുനിക ശാസ്ത്രീയ കുറ്റാന്വേഷണത്തിനായി ഡി.എൻ.എ., സൈബർ, ഫോറൻസിക് തുടങ്ങിയ ഡിവിഷനുകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. വ്യാജ വിദേശ കറൻസികളും വ്യാജ ഇൻഡ്യൻ കറൻസികളും പരിശോധിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സൈബർ ക്രൈം പോലീസ് സ്റ്റേഷൻ :

സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിലേക്ക് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലകളിൽ ജില്ലാ സിറ്റി പോലീസ് ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫിംഗർ പ്രിന്റ് ബ്യൂറോ :

കുറ്റകൃത്യസ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന വിരലടയാളങ്ങൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ ശാസ്ത്രീയമായി വിശകലനം ചെയ്ത് കുറ്റവാളികളെ കണ്ടെത്തുന്നതിന് വിരലടയാള വിശകലന സംവിധാനം Finger Print Bureau ആസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. ഈ സംവിധാനം എല്ലാ പോലീസ് ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യ സ്ഥലങ്ങളിൽ നിന്നും ശാസ്ത്രീയമായി ശേഖരിക്കപ്പെടുന്ന വിരലടയാളങ്ങൾ പരിശോധിച്ച് കുറ്റവാളികളെ കണ്ടെത്തുന്നതിന് ആധുനിക ശാസ്ത്രീയ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഓഫീസുകളിലും അന്വേഷണത്തിന് സഹായകമാകുന്ന ശാസ്ത്രീയ ഉപകരണങ്ങളടങ്ങുന്ന ഇൻവെസ്റ്റിഗേഷൻ കിറ്റ് വിതരണം ചെയ്തിട്ടുള്ളതും ആയത് ഉപയോഗിച്ചു വരുന്നതുമാണ്. ഫോറൻസിക് സയൻസ് ലബോറട്ടറി, തിരുവനന്തപുരം റീജിയണൽ ലാബുകളായ തൃശ്ശൂർ, കണ്ണൂർ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ ആധുനിക ഉപകരണങ്ങളുടെ പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്. ഇതിന് പുറമെ പോലീസ് ആസ്ഥാനത്ത് സൈബർ ക്രൈം സംബന്ധമായ പരാതികൾ അന്വേഷിക്കുന്നതിനും സൈബർ പോലീസ് സ്റ്റേഷന് സാങ്കേതിക സഹായം നൽകുന്നതിനുമായി ഒരു ഹൈടെക് സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ പോലീസ് ജില്ലകളിൽ ജില്ലാ ആസ്ഥാനത്തോടനുബന്ധിച്ച് സൈബർ സെല്ലുകൾ സജ്ജീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ നുണ പരിശോധനയ്ക്കും ശാസ്ത്രീയ അപഗ്രഥനത്തിനും സഹായകരമായ നാർക്കോട്ടിക് ലാബ്, കമ്പ്യൂട്ടറൈസ്ഡ് പോളിഗ്രാഫ് മെഷീൻ, ഡി.എൻ.എ. ലാബ്, സൈബർ ഫോറൻസിക് ലാബ് മുതലായവ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) ഫോറൻസിക് സയൻസ് ലബോറട്ടറി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി കണ്ണൂരും, തൃശ്ശൂരും ഓരോ റീജിയണൽ ഫോറൻസിക് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ലാബ് നവീകരിക്കുന്നതിനായി നാലാമത്തെ നിലയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. നവീകരണത്തിന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ എം.ഒ.പി.എഫ്., എഫ്.സി.എ. എന്നിവയിലെ തുകകൾ ഉപയോഗിച്ച് എഫ്.എസ്.എൽ. സ്ഥായത്തമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സെല്ലിൽ സൈബർ കേസുകൾ പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പല സൈബർ കുറ്റകൃത്യങ്ങളുടേയും Material objects analysis ചെയ്ത് ഡിജിറ്റൽ എവിഡൻസ് ശേഖരിക്കുന്നതിന് സെൽ സഹായകമായിട്ടുണ്ട്.

(ഡി) ആധുനിക കുറ്റാന്വേഷണത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി അന്വേഷണോദ്യോഗസ്ഥൻമാർക്ക് നിരന്തരം ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻമാർ പരിശീലനം

നൽകിവരുന്നു. പോലീസ് ട്രെയിനിംഗ് കോളേജിൽ നടത്തുന്ന ശാസ്ത്രീയ കുറ്റാന്വേഷണ പരിശീലന പരിപാടികളിൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻമാർ ക്ലാസ്സ് എടുക്കാറുണ്ട്. ലാബിൽ സജ്ജീകരിച്ചിരിക്കുന്ന ആധുനിക ശാസ്ത്രീയ ഉപകരണങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പോലീസ് ഉദ്യോഗസ്ഥരെ ബോധവൽക്കരിക്കാറുണ്ട്. പുതുതായി തുടങ്ങിയ ഡി.എൻ.എ., സൈബർ, നുണപരിശോധന സംവിധാനങ്ങളിൽ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയമായ അന്വേഷണത്തിന് സഹായിക്കുന്ന രീതിയിലുള്ള പരിശീലനം നൽകിയിട്ടുണ്ട്. കുറ്റകൃത്യം നടന്ന സ്ഥലം ശാസ്ത്രീയമായി പരിശോധിക്കാൻ പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കാനായി എല്ലാ ജില്ലകളിലും പരിശീലനം സിദ്ധിച്ച ശാസ്ത്രജ്ഞൻമാരെ നിയമിച്ചിട്ടുണ്ട്. കുറ്റാന്വേഷണ മേഖലയിലെ ആധുനിക സങ്കേതങ്ങളെക്കുറിച്ച് അറിവ് ലഭ്യമാക്കുന്നതിനായി BPR&D, Sardar Vallabhai Patel National Police Academy, Lok Nayak Jayaprakash Narayan National Institute of Criminology and Forensic Science, Central Bureau of Investigation Academy തുടങ്ങിയ ദേശീയ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ ക്രൈം ബ്രാഞ്ച് ഓഫീസർമാർ പങ്കെടുത്തുവരുന്നു. ആധുനിക കുറ്റാന്വേഷണത്തിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് പോലീസ് ട്രെയിനിംഗ് കോളേജിൽ ഹ്രസ്വകാലവും ദീർഘകാലവുമായി നീണ്ടു നിൽക്കുന്ന കോഴ്സുകൾ കേസ് അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിവരുന്നുണ്ട്.

(ഇ) ഓരോ കലണ്ടർ വർഷത്തെയും രണ്ടായി തിരിച്ച് ഓരോ അർദ്ധ വർഷത്തിലും തെളിയിക്കപ്പെടുന്ന പ്രധാന കേസുകളുടെ അന്വേഷണത്തിൽ പ്രശംസനീയമായ മികവ് പുലർത്തുന്ന ഡിവൈ.എസ്.പി. മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഹോണർ മെഡൽ നൽകി അനുമോദിക്കാറുണ്ട്.

കസ്റ്റഡിമരണങ്ങളിൽ മജിസ്ട്രേറ്റുതല അന്വേഷണം നിർബന്ധമാക്കാൻ നടപടി

19 (295) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് നടപടിക്കിടയിൽ ഉണ്ടാകുന്ന മരണം സംബന്ധിച്ച് മജിസ്ട്രേറ്റുതല അന്വേഷണം നിർബന്ധമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിർദ്ദേശങ്ങളോ മാർഗ്ഗരേഖകളോ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇവ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേസന്വേഷണം പൂർത്തിയാക്കാൻ സമയപരിധി നിഷ്കർഷിച്ചിട്ടുണ്ടോ :

(ഇ) ഇതിനായി നിലവിലുള്ള നിയമങ്ങളിൽ ഇത് സംബന്ധിച്ച് എന്തൊക്കെ ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly